ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായോടും**
സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടുമുള്ള കൂട്ടായ്മയിലും
സെന്റ് എഫ്രേം, ഖഡ്കി- പൂനെ എക്സാർക്കേറ്റിന്റെ അപ്പസ്തോലിക് എക്സാർക്
**ആബൂൻ തോമസ് മാർ അന്തോണിയോസ് മെത്രാപ്പൊലീത്താ**യിൽനിന്നും
എക്സാർക്കേറ്റിന്റെ അജപാലന പരിധിയിലുള്ള എല്ലാ വൈദികർക്കും
സന്യസ്തർക്കും വൈദികവിദ്യർത്ഥികൾക്കും വിശ്വാസികളേവർക്കും വാഴ്വ് !

Prot. No. PL 2017/2

പ്രിയ. ബഹുമാനപ്പെട്ട വൈദീകരെ, സന്യസ്തരെ, വൈദികവിദ്യാർത്ഥികളെ, പ്രിയ വിശ്വാസികളെ!

വീണ്ടുമൊരു ക്രിസ്തുമസിന് നാം ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ദൈവം ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ മനുഷ്യനായി പിറന്ന അത്ഭുതം ലോകമാകെ ആഘോഷിക്കപ്പെടുന്നു. തന്റെ ഏകജാതനായ പുത്രനെ മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുവേണ്ടി ലോകത്തിലേക്കയച്ച ദൈവത്തിന്റെ സ്നേഹം ക്രിസ്തുമസ് കാലത്ത് അനുസ്മരിക്കപ്പെടുന്നു. ക്രിസ്തുമസ് അത്ഭുതങ്ങളുടെ ആഘോഷമാണ്; സ്രഷ്ടാവ് സൃഷ്ടിയാകുന്നു; ദൈവം മനുഷ്യനാകുന്നു; കന്യകയുടെ ഉദരം രക്ഷകനെ വഹിക്കുന്നു; ഒരു പരിശുദ്ധ കന്യക ദൈവമാതാവാകുന്നു; മാലാഖയുടെ സന്ദേശമനുസരിച്ച് ആട്ടിടയർ രക്ഷകനെ സന്ദർശിക്കുന്നു; ജ്ഞാനികൾ കിഴക്കുനിന്നും വരുന്നു. “ഇന്ന് ഒരു ശിശു ജനിച്ചിരിക്കുന്നു, അവൻ അത്ഭുതമെന്ന് വിളിക്കപ്പെട്ടു, കാരണം, ദൈവം ശിശുവായി അവനെത്തന്നെ വെളിപ്പെടുത്തിയത് ഒരത്ഭുതമാണ്” (വി. അപ്രേം, തിരുജനനഗീതം 1:90). ഒരു ക്രിസ്തുമസ് കൂടി നാം ആഘോഷിക്കുമ്പോൾ, ഈ അത്ഭുതങ്ങളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

## പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിലെ ക്രിസ്തുമസ്

ദൈവം മനുഷ്യനായി രൂപമെടുത്ത അത്ഭുതത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ് എങ്കിൽ, പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിൽ “വചനം മാംസമായ”താണ് (യോഹ 1:14) ആദ്യത്തെ ക്രിസ്തുമസ് അത്ഭുതം.

പരിശുദ്ധ കന്യക ദൈവമാതാവായി രൂപാന്തരപ്പെട്ട അത്ഭുതം മനുഷ്യ മനസിന് ദുർഗ്രഹമാണ് (സെദറ, സന്ധ്യാപ്രാർത്ഥന - ക്രിസ്തുമസ്). പക്ഷേ, ദൈവേച്ഛയോടുള്ള പരിപൂർണ സമർപ്പണം പ്രപഞ്ചസ്രഷ്ടാവിനെ തന്റെ ചെറിയ ഉദരത്തിന്റെ സ്വച്ഛതയിൽ വഹിക്കുവാൻ അവളെ പ്രാപ്ത യാക്കി. ദൈവകൃപയാൽ, അവൾ ഉണ്ണിയേശുവിനെ പ്രസവിക്കുകയും അവ ളുടെ മടിത്തട്ടിൽ അവനെ പാലൂട്ടുകയും ചെയ്തു.

കന്യകാമറിയത്തിന്റെ ഉദരത്തിൽ സംഭവിച്ച ക്രിസ്തുമസ് അനുദിന ജീവിതത്തിൽ നമ്മുടെ ആന്തരിക ഹൃദയങ്ങളിൽ സംഭവിക്കണം. "ഈ ദിവസത്തിന്റെ മഹത്വം മറ്റുള്ളതിനെക്കാൾ മഹത്വപൂർണമാണ്. ശക്തനാ യവൻ ദുർബലരെ ശക്തനാക്കാൻ കടന്നുവരുന്നു; അവൻ പിടിച്ചെഴു ന്നേൽപിച്ചു നിറുത്തുകയും, ശക്തിപ്പെടുത്തുകയും, ഉത്സാഹത്തോടെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു" (സാറൂഗിലെ വി. യാക്കോബ്).

**ആട്ടിടയന്മാരുടെ ജീവിതത്തിലെ ക്രിസ്തുമസ്**

കർത്താവിന്റെ ദൂതൻ ആട്ടിടയന്മാരെ അറിയിച്ചു; "ദാവീദിന്റെ പട്ടണ ത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനി ച്ചിരിക്കുന്നു; പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തി യിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 2:10-12). ഇത് അവർ ബേത്‌ലഹേമിലേക്ക് പോകുന്നതിനും, യേശുവിനെ അവന്റെ പരിമിതി കളിൽ ആരാധിക്കുന്നതിനും കാരണമായി. രക്ഷകൻ ഒരു കാലിത്തൊഴു ത്തിൽ ജനിച്ചു. അവൻ കീറ്റുശീലയാൽ പൊതിയപ്പെട്ട് കൽത്തൊട്ടിയിൽ കിടത്തപ്പെട്ടു. ആട്ടിടയർ ദൂതന്റെ വാക്കുകൾ വിശ്വസിച്ചു. ദൂതൻ പ്രവചിച്ച അടയാളങ്ങൾ ദർശിച്ച അവർ ശിശുവിനെ രക്ഷകനായി ആരാധിക്കുന്നു. "മാലാഖമാരുടെ വൃന്ദങ്ങൾ അവന്റെ മുമ്പാകെ ഭയവിഹ്വലരായിരിക്കെ, ശിശു ദരിദ്രർക്കിടയിൽ കല്ലടാവിൽ കിടന്നു. ധനികന്റെ പുത്രൻ ദരിദ്രർക്കി ടയിലേക്ക് ഇറങ്ങിവരുവാൻ അഭിലഷിച്ചു. അവൻ ഭണ്ഡാരം തുറന്ന് അവന്റെ സമ്പത്ത് ആവശ്യക്കാർക്ക് കാണിച്ചുകൊടുക്കുന്നു" (സാറൂഗിലെ വി. യാക്കോബ്)

നമ്മുടെ അനുദിനജീവിതത്തിൽ യേശു നമുക്ക് ചുറ്റുമുള്ള കൽത്തൊ ട്ടികളിൽ പിറക്കുന്നു. മനുഷ്യന്റെ പരിമിതികളിലേക്കാണ് അവൻ പിറന്നു വീഴുന്നത്. നാം നമ്മുടെ ഉള്ളിലെ മാലാഖയുടെ സ്വരം ശ്രവിക്കേണ്ടിയിരി ക്കുന്നു. ആ ദൂതൻ നമ്മെ അടയാളങ്ങളിലൂടെ നയിക്കും. യേശു നമ്മുടെ ഏറ്റവും അടുത്ത് പിറക്കുന്നു: ഒരു ദരിദ്രകുടുംബത്തിൽ, ഒരു അനാഥാ ലായത്തിൽ അല്ലെങ്കിൽ പാതയോരത്ത് യേശുവിനെ ഒന്ന് ദർശിക്കുന്നതി നായി നാം ചുറ്റും അലയുകയാണ്. പലപ്പോഴും ദരിദ്രരിലും ക്ലേശിതരിലും പാർശ്വവത്കരിക്കപ്പെട്ടവരിലും രോഗാതുരരിലും വിശക്കുന്നവരിലും സമൂ

ഹത്തിന്റെ അതിർവരമ്പുകളിൽ വസിക്കുന്നവരിലും യേശു അനുഭവം നമുക്ക് നഷ്ടമാകുന്നു. അവരിൽ യേശുവിനെ കണ്ടെത്തുമ്പോഴും അവരിലൂടെ യേശുവിനെ ആരാധിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ അർത്ഥവത്താകുന്നത്. നമുക്ക് യേശുവിന്റെതന്നെ വാക്കുകൾ മറക്കാതിരിക്കാം: "സത്യമായി ഞാൻ പറയുന്നു, എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25:40).

**കിഴക്കുനിന്നുള്ള ജ്ഞാനികളുടെ ക്രിസ്തുമസ്**

വി. അപ്രേം ക്രിസ്തുമസ് ദിനത്തിൽ പാടി, "സർവരുടെയും കർത്താവ് ദാസരിലേക്ക് ഇറങ്ങി വന്ന ഈ ദിവസം, പ്രഭുക്കന്മാർ തങ്ങളുടെ ദാസരുടെ മുമ്പിൽ സ്നേഹപൂർവം ശിരസു നമിക്കട്ടെ. നമുക്കായി സമ്പത്തുള്ളവൻ ദരിദ്രനായിത്തീർന്ന ഈ ദിവസം, ധനികൻ ദരിദ്രനെ തന്റെ മേശയിൽ പങ്കുകാരനാക്കട്ടെ" (തിരുജനനഗീതം 1:93, 94).

ജ്ഞാനികളായ രാജാക്കന്മാർ ദാവീദിന്റെ പട്ടണത്തിൽ ജനിച്ച രക്ഷകനെതേടി ബേത്ലഹേമിലേക്ക് യാത്ര നടത്തി. ആകാശത്തിൽ ഒരു നക്ഷത്രം രക്ഷകനിലേക്ക് അവർക്ക് വഴി കാണിച്ചു. നക്ഷത്രത്തെ നോക്കിയാണ് അവർ യാത്ര ചെയ്തിരുന്നതെങ്കിലും, ഹേറോദോസിന്റെ കൊട്ടാരം കണ്ടപ്പോൾ, അവർ നക്ഷത്രത്തെ വിട്ട് വഴിമാറി നടന്നു. പക്ഷെ അവർ അവരുടെ തെറ്റു മനസിലാക്കിയപ്പോൾ, കൊട്ടാരത്തിനു പുറത്തുവന്ന് ആകാശത്തിലേക്ക് നോക്കി. യേശുവിലേക്ക് വഴികാണിക്കുവാൻ നക്ഷത്രം അപ്പോഴും അവിടെത്തന്നെയുണ്ടായിരുന്നു.

യേശുവിലേക്ക് വഴികാണിക്കുവാൻ അനേകം നക്ഷത്രങ്ങളെ ദൈവം നമ്മുടെ ജീവിതത്തിൽ ക്രമീകരിച്ചിട്ടുണ്ട്. മിക്കപ്പോഴും നാം നക്ഷത്രത്തെ പിൻചെല്ലുന്നുണ്ട്. എന്നാൽ, വഴിയിൽ പ്രലോഭനത്തിന്റെ കൊട്ടാരങ്ങളെ നേരിടേണ്ടിവരുമ്പോൾ, നാം യേശുവിലേക്കുള്ള യാത്രയിൽനിന്നും വഴി മാറുന്നു. ശത്രുക്കളുടെ ഇടയിൽ നാം യേശുവിനെ തിരയുന്നു; പക്ഷെ, അവിടുന്ന് ജോസഫിന്റെയും മറിയത്തിന്റെയും ആട്ടിടയന്മാരുടെയും മൃഗജാലങ്ങളുടെയും മാലാഖമാരുടെയും മധ്യത്തിൽ കൽത്തൊട്ടിയിൽ സുരക്ഷിതനാണ്. കാലിത്തൊഴുത്തിലെ യേശുവിനായുള്ള അന്വേഷണമാകണം ക്രിസ്തുമസ്. നമ്മുടെ സമൂഹങ്ങളിലെ ബേത്ലഹേമിലേക്ക്, ദരിദ്രരുടെ പാദങ്ങളിൽ സമർപ്പിക്കുവാനുള്ള, പൊന്നും മീറയും കുന്തിരിക്കവും വഹിച്ചുള്ള യാത്രയാകണം. നമ്മുടെ അന്വേഷണം സ്വാർത്ഥകമാകട്ടെ! ഈ ക്രിസ്തുമസിൽ ഉണ്ണിയേശു നമ്മുടെ ഹൃദയങ്ങളിൽ വന്നു പിറക്കട്ടെ! നമ്മുടെ ചുറ്റിലും സന്നിഹിതനായിരിക്കുന്ന യേശുവിനെ ദർശിക്കുവാൻ

നമ്മുടെ കണ്ണുകൾ തുറക്കപ്പെടട്ടെ! നമുക്ക് അവനെ കണ്ടുത്തുവാനും ആരാധിക്കുവാനുമുള്ള ആത്മീയയാത്ര ആരംഭിക്കാം!

**അനുരഞ്ജനത്തിന്റെ ക്രിസ്തുമസ്**

ക്രിസ്തുമസ് അനുരഞ്ജനത്തിന്റെ സമയമാണ്. യേശുവിന്റെ ജനനത്തിലൂടെ ദൈവം മനുഷ്യനുമായി അനുരഞ്ജനപ്പെട്ടു. "അവന്റെ ശരീരത്തിലൂടെ ശത്രുതയുടെ വേലി പൊളിച്ചുകളഞ്ഞ്, നമ്മെ ഒന്നാക്കിയ, അവൻതന്നെയാണ് നമ്മുടെ സമാധാനം" (എഫേ 2:14). അതുകൊണ്ടാണ് വി. അപ്രേം തന്റെ ക്രിസ്തുമസ് ഗീതത്തിൽ പാടുന്നത്, "ഇത് അനുരഞ്ജനത്തിന്റെ രാത്രിയാണ്; ഈ രാത്രിയിൽ നാം ക്രോധം നിറഞ്ഞവരോ, മ്ലാനവദനരോ ആകരുത്. സർവ്വസമാധാനത്തിന്റെ ഈ രാത്രിയിൽ നാം ഭീഷണിപ്പെടുത്തുന്നവരോ അഹങ്കാരികളോ ആയിരിക്കരുത്" (ഗീതം 1:88)

ക്രിസ്തുമസ് യോഗ്യതാപൂർവം ആഘോഷിക്കുന്നതിനായി നമുക്കു കൗദാശികമായി തയ്യാറെടുക്കാം. യേശു നമ്മിലും നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും നമ്മിലൂടെ ലോകത്തിലും വന്നു പിറക്കേണ്ടതിനു നമുക്കു ദൈവവുമായും നമ്മുടെ സഹോദരങ്ങളുമായും അനുരഞ്ജനപ്പെടാം. അനുരഞ്ജനത്തിന്റെ കൂദാശയിലൂടെ കൃപ സ്വീകരിച്ച് നമുക്ക് ഒരുങ്ങാം. പതിവുപോലെ, നമ്മുടെ ഇടവകകളിൽ ഇതിനുള്ള പ്രത്യേക ക്രമീകരണം ബഹു. വികാരിയച്ചന്മാർ ചെയ്യുമെന്നെനിക്കുറപ്പുണ്ട്.

ഈ വർഷം നാം ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ, എക്സാർക്കേറ്റ് തലത്തിൽ, ക്രിസ്തുമസിന്റെ സന്തോഷം നാം ബാപട്ല മിഷനിലെ സഹോദരങ്ങളുമായും, കാമഗിരി പ്രദേശത്തെ ഗ്രാമങ്ങളിലെ ജനങ്ങളുമായും, വാർജെ മാൽവാഡിയിലെ മിഷനുമായും, പൂനായിലെ SEVA ദത്തെടുത്തിരിക്കുന്ന കുഞ്ഞുങ്ങളുമായും പങ്കുവയ്ക്കുന്നതാണ്. ഡിസംബർ 23-ാം തിയതി ഞാൻ കാമഗിരി മിഷനിലും ക്രിസ്തുമസ് ദിനം വാർജെ മാൽവാഡിയിലും ആയിരിക്കുന്നതാണ്. പൂനായിലെ വിശ്രാന്തവാഡി സെന്റ് ആന്റണീസ് ഇടവകയോടൊപ്പമായിരിക്കും ഞാൻ ക്രിസ്തുമസ് ശുശ്രൂഷ നടത്തുക.

ക്രിസ്തുമസ് കരോളുകൾ, എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷങ്ങൾ, വിശിഷ്യ പാർശ്വവൽക്കരിക്കപ്പെട്ടവരും പാവപ്പെട്ടവരോടുത്തുമുള്ള ക്രിസ്തുമസ് വിരുന്ന് എന്നിവയിലൂടെ എക്സാർക്കേറ്റിലെ എല്ലാ ഇടവകകളും ചുറ്റുപാടുമുള്ള സഹോദരങ്ങളുമായി ക്രിസ്തുമസിന്റെ സന്തോഷം പങ്കുവയ്ക്കണം. SEVAയുടെ പരിപാടിയായ "Zero Tolerance to Hunger Campaign" നമ്മുടെ ചുറ്റുമുള്ള ആവശ്യക്കാർക്ക് ക്രിസ്തുമസ്



സമ്മാനമാകണം. "ഈ ദിവസം നാം ആവശ്യപ്പെടാതെ തന്നെ, യേശുവെന്ന സമ്മാനം നമ്മിലേക്കു വന്നു: അതിനാൽ, നിലവിളിക്കുകയും യാചിക്കുകയും ചെയ്യുന്നവർക്കു നമുക്ക് ദാനധർമ്മങ്ങൾ ചെയ്യാം"(വി. അപ്രേം, തിരുജനനഗീതം 1:95).

ക്രിസ്തുമസ് ഒരു ഏകദിന ആഘോഷമായും ക്രിസ്തുമസ് ശുശ്രൂഷയുടെ ആരാധന മാത്രമായും ചുരുക്കാവുന്നതല്ല.ലോകമെമ്പാടുമുള്ള അൾത്താരകളിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനകളിലൂടെ യേശു നമ്മിൽ അനുദിനം ജനിക്കുന്നു. അവിടുത്തെ തിരുശരീരവും തിരുരക്തവും വിശുദ്ധ കുർബാനയിൽ, സ്വീകരിക്കുമ്പോൾ അവിടുന്ന് നമ്മുടെ ഹൃദയങ്ങളിൽ ജനിക്കുന്നു. ഓരോ വിശുദ്ധ കുർബാനയും നമുക്ക് ഓരോ ക്രിസ്തുമസ് ആകണം. അതുകൊണ്ട്, ഓരോ ക്രിസ്തുമസ് ആഘോഷവും, ഡിസംബർ 25-ലെ ശുശ്രൂഷകളുടെ അനുഭവത്തിൽ നിന്ന്, നമ്മുടെ അനുദിന ജീവിതത്തിലേക്കു വളരണം.

നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമായ ഒരു ക്രിസ്തുമസ് ഞാൻ ആശംസിക്കുന്നു! ബേത്‌ലഹേമിലെ ദിവ്യപൈതലിന്റെ കൃപ നിങ്ങളെ ഐശ്വര്യസമൃദ്ധമായ പുതുവർഷത്തിലേക്കു നയിക്കട്ടെ!

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ! ആയത് ദൈവമാതാവായ പരിശുദ്ധകന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യ നമ്മുടെ കാവൽപിതാവായ മാർതോമാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും, വിശിഷ്യ നമ്മുടെ എക്സാർക്കേറ്റിന്റെ മധ്യസ്ഥനായ വിശുദ്ധ അപ്രേമിന്റെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മേൻ.

എന്ന്

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി**

അപ്പസ്തോലിക് എക്സാർക്ക്

സെന്റ് എഫ്രേം എക്സാർക്കേറ്റ്, ഖഡ്കി-പൂനെ

1.12.2017

ഖഡ്കി-പൂനെ

സ്വർഗസ്ഥനായ പിതാവേ.....

N.B.: ഈ ഇടയലേഖനം ഡിസംബർ 10/17, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.